# മലങ്കര
# വിയോജിതൻ.

Vol. X. } 1110. മകരം, കുംഭം. {No 3.4.

# THE MALABAR SEPARATIST.

പത്രാധിപർ;— കെ, വി, സൈമൺ.

"ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു,
എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ
ജീവൻെറ വെളിച്ചമുള്ളവൻ ആകും."

ശ്രീയേശുക്രിസ്തു.

THE R. V. PRESS, TIRUVALLA.
1935.

# The Malabar Separatis

## A Christan Journal in Malayalam.



K. V. Simon
Editor.

K. V, Mathe
Publisher.


## വിഷയാനുക്രമണിക.


൧. പ്രവാചകനോ പുരോഹിതനോ [illegible]
൨. മാനുഷഭോജികളിൽനിന്നു രക്ഷപെട്ടതു് ൬൫.
൩ റഷ്യയുടെ ക്രൂരത ൬൮.
൪. ശിംശോൻ ൭൪.
൫. അർദ്ധരാത്രിമണിക്കൂറും അനന്തരസംഭവങ്ങളും വൃ
൬ ഷ്ലുമ്പർ ഷ്ലുസർ ൯൧.
൭. നമ്മിലേക്കു തന്നേ നോക്കുക ൯൪.
൮. തിയോഡോഷ്യാ ൯൬.
൯. യോഗവൃത്താന്തങ്ങൾ ൧൦൨.
൧൦. പരസ്യം കവർ.

# മലങ്കര വിയോജിതൻ.

Vol. X. } 1110. മകരം, കുംഭം. { No. 3, 4

## പ്രവാചകനോ പുരോഹിതനോ?

### സഭയുടെ ഭരണകർമ്മം സംബന്ധിച്ചുള്ള രണ്ടഭിപ്രായങ്ങൾ ചരിത്രസംബന്ധമായ ഒരന്വേഷണം.

(റവറൻഡ്: ജോൺ ജെ. ബാനിംഗ്റ്റാ ഡി. ഡി.)

സെപ്റ്റംബർ 2-ാംനു-യിലെ മദ്രാസ് മെയിലിൽനിന്നു പരിഭാഷപ്പെടുത്തിയ

മദ്രാസ് 1930 ആഗസ്റ്റ് 29.

ഫ്രീചർച്ചുകളുടെ സഭാശുശ്രൂഷയും ആംഗ്ലിക്കൻ സഭയു
പൌരോഹിത്യവും തമ്മിലുള്ള ഭേദത്തെ ആസ്പദീകരിച്ച് ...
ക്യാലോചനയുടെ മദ്ധ്യേ നടത്തീട്ടുള്ള വാദപ്രതിവാദങ്ങളെപ്പറ
വളരെ പ്രസ്താവനകൾ ഉണ്ടായിട്ടുണ്ടല്ലൊ. ആംഗ്ലീയാസഭയു
ഹൈച്ചർച്ച് വിഭാഗത്തിൽ പെട്ട ചിലർ ഐക്യസഭയുടെ വ്യ
...കളെ കഠിനമായി എതിർത്തതിന്റെ കാരണം വെസ്ലിയൻ ...
...ളും സൌത്ത് ഇൻഡ്യാ സംയുക്തസഭയ്ക്കും പ്രവാചകന്മാരല്ലാ
...പുരോഹിതന്മാർ ഇല്ലെന്നുള്ള അഭിപ്രായമാണ്. അതിന
... ശരിയായ കത്തോലിക്ക സഭയുടെ ശുശ്രൂഷകസ്ഥാനം സര
... ആചരിക്കുന്നതിന് ശരിയായി പട്ടം കൊടുക്കപ്പെട്ടതും ...
...പ്പെട്ടതുമായ ഒരു പൌരോഹിത്യം ആയിരിക്ക
... അവർ വാദിച്ചു.

ഇതിനെതിരായി ഫ്രീചർച്ച് സഭാംഗങ്ങൾ പുതിയനി
...ൽ പൌരോഹിത്യശുശ്രൂഷ ഇല്ലെന്നു സ്ഥാപിക്കുന്നു. ...
... വിശ്വാസികളും ദൈവസന്നിധിയിൽ പുരോഹിതന്മാരാ

നാം, ഈ പൌരോഹിത്യമല്ലാതെ യേശുവിന്റെ കാലം മു
യാതൊരു പൌരോഹിത്യവും ഉണ്ടായിട്ടില്ലെന്നും അവർ വാ
ന്നു. തന്നിമിത്തം പുതിയനിയമത്തിലുള്ള തെളിവുകൾ ശേ
ച്ചു ഏതദ്വിഷയമായി ഒരു പാരായണം നടത്തുന്നതു ഈ അ
രത്തിൽ പക്ഷേ അസ്ഥാനത്താകയില്ലെന്നു ഞാൻ വിശ്വസിക്ക

രണ്ടാം നൂററാണ്ടിന്റെ അവസാനം മുതൽ ഒരു എപ്പി
ക്കോപ്പൽ പിന്തുടർച്ച ഉണ്ടായിട്ടുണ്ടെന്നുള്ളതു സംശയരഹിത
വണ്ണം സത്യം തന്നെ. കൂടാതെ സഭയുടെ പുറത്തു നിന്നുള്ള
ത്തുടക്കാരുടെ ആക്രമണങ്ങളും സഭയകത്തു ഉയർന്നുവരുന്ന ശീശ
കളും പ്രമാണിച്ചു വലിയ സഭാവിഭാഗത്തിനു എപ്പിസ്കോപ്പ
ഭരണം സ്ഥിരഭരണരീതിയായിരുന്നെന്നുള്ളതും നിസ്തർക്കമാക
ശിഷ്യന്മാരുടേയും അപ്പോസ്തോലന്മാരുടെയും ആദ്യത്തെ സാക
ഫലമായി ഉണ്ടായവരും വേണ്ടവിധത്തിലുള്ള ക്രമമോ ഭര
ണമോ ഇല്ലാതിരുന്നവരുമായ വിശ്വാസികളുടെ സംഘത്തെ ശക
കരിക്കുന്നതിനും സഭ ഒരു സ്ഥാപനമെന്നനിലയ്ക്കു രണ്ടാം നൂററ
ണ്ടിന്റെ മദ്ധ്യത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന വാദബഹളങ്ങളി
നഷ്ടപ്പെട്ടുപോകാതവണ്ണം അവരെ ഒന്നിച്ചു ബന്ധിക്കുന്നതിന
എന്തെങ്കിലും ഒരു മാറ്റം കണ്ടുപിടിക്കേണ്ടതു ആവശ്യവുമായി
ന്നു. ക്രിസ്തീയസഭയുടെ നടത്തിപ്പുകാർ ഒരു പ്രകാരത്തിൽ
യ നിയമ സഭയുടെ സംഘടിതമായ ഭരണ ക്രമത്തിലേക്കോ അ
ല്ലാത്ത പക്ഷം റോമാ സാമ്രാജ്യത്തിന്റെ ശക്തിമത്തായ
ന സമ്പ്രദായത്തിലേക്കോ തിരിഞ്ഞു പോകയെന്നുള്ളതു
കാലത്തു എത്രയും നിഷ്പ്രയാസമായിരുന്നു. ആദിമശുശ്രൂഷ്ക
ിയും പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ള നടത്തിപ്പും നഷ്ടപ്പെ
ത്തിയ ഒരു സഭയ്ക്കു ഇത്ര ശക്തിമത്തായ ഒരു ഭരണ ഘടന
ം കർമ്മാചാര ബഹുലമായ ഒരു ആരാധനാ രീതിയും ഒരു ക
ലായിരുന്നുവെന്നുള്ളതിനു സംശയമില്ലാ. കാൽവറിയിൽ നി
ം പെന്തിക്കൊസ്തിൽ നിന്നും ലഭിച്ച ആദിമ ശക്തിയേയും
ശ്വാസത്തെയും നഷ്ടപ്പെടുത്തിയ സഭ ആഭ്യന്തരമായ ജീവന
കരം ഒരു ബാഹ്യ സംഘടന ഉണ്ടാക്കേണ്ടി വന്നതായിട്ടാണ
ാന്നുന്നതു്.

## രണ്ടു ജോലികൾ

പഴയ നിയമത്തിൽ പുരോഹിതന്മാരേയും പ്രവാചക
രേയും തക്ക രഹിതമായി നാം കാണുന്നു. പുരോഹിതന്മാർ

ഒരു യഥാർത്ഥ പാരമ്പര്യ തുടർച്ചയും പ്രവാചകന്മാർ പ്രത്യേകോ
ശത്തോടു കൂടി ദൈവത്താൽ അയയ്ക്കപ്പെട്ട താല്ക്കാലിക മുതല
ളും ആയിരുന്നു. ഒരു കൂട്ടർ ഒരു മാന്ത്രികമായ ക്രമമനുസരിച്ചു
മൂലുകളും കർമ്മാചാരങ്ങളും ഉരുവിട്ട് സ്ഥാപനത്തെ കാത്തു വ
മററവർ ഒന്നോ രണ്ടോ രാത്രികളിൽ ആകാശത്തിൽ കൂടി
ന്നു വരുന്നകൊള്ളിമീൻ പോലെ ആവിർഭവിച്ചു ജനങ്ങളെ
യഹോവ ഭക്തിയിലേക്കും "അവന്റെ രാജ്യപ്രകൃതിയിലേക്കും ജ
ങ്ങളെ വിളിച്ചുകൊണ്ടിരുന്നു. ഒരുകൂട്ടർ പരമ്പരയാ പിതാക്കന
ക്കേല്പിക്കപ്പെട്ടിരുന്ന ആചാരങ്ങളെ കണിശമായി അനുഷ്ഠി
കൊണ്ടുദിവസങ്ങൾ നയിച്ചു. മററവരോ സ്വസമുദായത്തിന്റെ
പ്രത്യേക സന്ധികളിൽ മിന്നൽ പോലെയോ ഇടിപോലെയോ
പ്രത്യക്ഷീഭവിച്ചു. ഒരുകൂട്ടർ ഘനമായി ഒരേടത്തിരുന്നു.
ററവരോ നിരന്തരം ചലിച്ചുകൊണ്ടിരുന്നു. പുരോഹിതൻ കർ
വഴി ദൈവത്തെ പിൻതുടർന്ന് അവർ കൃപയ്ക്കുപാത്രമാവാൻ ശ്ര
ച്ചു അവന്റെ ശുശ്രൂഷ മനുഷ്യരുടെ അടുക്കൽനിന്നു ദൈവത്തെ
ലക്ഷ്യമാക്കിയായിരുന്നു. നേരെമറിച്ചു പ്രവാചകൻ ദൈവം
നിക്ക് വെളിപ്പെടുത്തിയതിനെ ദൈവപ്രേരിതനായി ജനത്തോ
സംസാരിച്ചു അവന്റെ ശുശ്രൂഷ ദൈവപക്ഷത്തു നിന്ന് മനുഷ്യ
ന്റെ നേരെ ആയിരുന്നു.

മനുഷ്യനെ ദൈവത്തോടു ആളാംപ്രതി അടുപ്പിക്കുന്നതിന
ള്ള പരിശ്രമങ്ങളാണു പ്രവാചകൻ ചെയ്തുകൊണ്ടിരുന്നത്. ന
ന്മാർഗ്ഗത്തിനും ദൈവഭക്തിക്കും ശുശ്രൂഷകമായി അവർ നിന്ന
ദൈവത്തിൽനിന്നു വന്നുവെന്നു താൻ വിശ്വസിച്ചിരുന്ന ന്യായ
പ്രമാണത്തിന്റെ സന്നിധിയിൽ മനുഷ്യനെ നീതിമാനാക്കി ന
ത്തുവാനായിരുന്നു പുരോഹിതന്റെ ശ്രമം. അതാതു സമയത്തു
ചെയ്യേണ്ടതായ കർമ്മാചാരങ്ങളുടെ ദീർഘമായ പട്ടിക കൊടുക്ക
പ്പെട്ടിട്ടുള്ളതു അക്ഷരത്തിനുപോലും ഭംഗം വരാതെ അനുഷ്ഠിക്ക
തിൽ പുരോഹിതൻ ബദ്ധശ്രദ്ധനായിരുന്നു.

മോശയുടെ കാലം മുതൽ യേശുവിന്റെ കാലം വരെയുള്ള
പുരോഹിതന്മാർ ഒരേ പ്രമാണത്തിലും ഒരേ ആചാരപദ്ധതിയി
ഒരേ തൊഴിലിലുമാണ് നിലനിന്നത്. നേരെമറിച്ചു പ്രവാച
ന്മാരുടെ വേലയിൽ വ്യത്യസ്തമായ ഒരു ഗതിയാണു കാണുന്ന
ശമുവേലും അവന്റെ പിൻഗാമികളും ഏലീയാ, യെശയ്യാവ

...ഹോശയാ എന്നിവരെപ്പോലെയുള്ള ദർശകന്മാരാൽ പൂർത്തീകരിക്കപ്പെട്ട ഒരു വേല തുടരെ നടത്തിക്കൊണ്ടു പോയിരുന്നു. ഇവർ ദൈവത്തിന്റെ ആത്മികസ്വഭാവത്തേയും ഈ ലോകത്തിന്മേലുള്ള അവന്റെ ഭരണാധികാരത്തേയും സ്പഷ്ടമാംവണ്ണം അറിഞ്ഞവരത്രെ. ഈ ലോകത്തെ സംബന്ധിച്ചുള്ള ദൈവത്തിന്റെ വലിയ ഉദ്ദേശം മനുഷ്യരെ പാപത്തിൽ നിന്നു രക്ഷിക്കണമെന്നുള്ളതാണെന്നും കർമ്മാചാരത്തേക്കാൾ അനുസരണത്തേയും സ്നേഹത്തെയുമാണു ദൈവം അധികം ആദരിക്കുന്നതെന്നും അവർ തെളിവായി കണ്ടു. പഴയനിയമത്തിലെ അന്ത്യപ്രവാചകന്റെ പിന്നാലെ ഉണ്ടായതും യോഹന്നാൻ ബപ്തിസ്തനാൽ മാത്രം ഭഞ്ജിക്കപ്പെട്ടതുമായ നിശബ്ദത പഴയനിയമപ്രവാചകന്മാരേയും പുതിയനിയമപ്രവാചകന്മാരേയും പരസ്പരംയോജിപ്പിക്കുന്ന സത്യപിന്തുടർച്ചയെ ഖണ്ഡിച്ചുകളഞ്ഞില്ല. കാരണം യെശയ്യാവുംമററുപ്രവാചകന്മാരും പ്രസ്താവിച്ചിട്ടുള്ളതുപോലെ അതു ഒരു ഭൌതിക പിന്തുടർച്ചയായിരുന്നില്ല. നേരെമറിച്ചു ദൈവത്തിന്റെ യഥാർത്ഥരാജ്യമായിസ്ഥാപിക്കപ്പെട്ട ഒരുസത്യആത്മീയശേഷിപ്പായിരുന്നു. ഇതുപോലം യോഹന്നാൻ തനിക്കു അനേകശതവർഷം മുൻപുവന്നപ്രവാചകന്മാരുടെ സത്യപാരമ്പര്യരംഗത്തിൽ പ്രത്യക്ഷപ്പെട്ടു. അതു മനുഷ്യകൈവെയ്പിന്റെയല്ലാ പിന്നെയോകേവലം ദൈവപ്രദത്തമായ ഒരു നിശ്വസനത്തിന്റെ യഥാർത്ഥപിന്തുടർച്ചയായിരുന്നു. ഈ പിന്തുടർച്ച മനുഷ്യനാൽ ചെയ്യപ്പെട്ട യാതൊരു ആചാരത്തെയും ആസ്പദിച്ചുള്ളതല്ലായിരുന്നു പിന്നെയോ നീതിയും അധികാരവും എവിടെനിന്നുത്ഭവിക്കുന്നുവോ ആ മൂലസ്ഥാനത്തെ അവലംബിച്ചുള്ളതായിരുന്നു.

## യരുശലേമിൽ.

പഴയനിയമത്തിന്റെ പൌരോഹിത്യശുശ്രൂഷയുടെ കേന്ദ്രം യരുശലേമിലെ ദേവാലയമായിരുന്നു. ആ ദേവാലയത്തിൽ സാധാരണ ദിവസങ്ങളിലും വിശിഷ്യാ ജാതീയമായ വലിയപെരുനാളുകളിലുംദേവാലയത്തിലെ നടപടികൾ എന്തായിരുന്നുവെന്നു പഴയനിയമം ഒന്നു ഓടിച്ചു വായിച്ചാൽ തന്നെ മനസ്സിലാകും. ആ നടപടികൾക്കു യഹൂദന്മാരെ ആത്മീയജീവനിലേക്കു ഉയർത്തുവാൻ എങ്ങിനെ കഴിയുമെന്നു് അറിഞ്ഞുകൂടാ. അടിമയുടെ... ...ഷം അവർക്കു എല്ലാ സ്ഥലത്തും സുന്നഹദോസുകളും സംഘങ്ങളു...

ണ്ടായിരുന്നു. ആളുകളിൽ സംഘമായി കൂടി അവർ ദൈവ
നാ കേ[illegible]കയും ബലികളോ അതിനോടനുബന്ധിച്ചുള്ള മററു
[illegible]ചാരങ്ങളോ കൂടാതെ ദൈവത്തെ ആരാധിക്കയും ചെയ്തു.
[illegible]ടില്ല ദൈവത്തോടടുത്തു ചെല്ലുവാനുള്ള ശരിയായ മാർഗ്ഗം അ
[illegible]വും അതിന്റെ ശുശ്രൂഷകളുമാണെന്നായിരുന്നു അവരുടെ ധാ
യഹൂദന്മാരിലുള്ള ഓരോ ആണും കുറഞ്ഞപക്ഷം ആണ്ടി
ഒരിക്കൽ ദേവാലയത്തിൽ പോകണമെന്നുള്ളതു വ്യവസ്ഥയാ
രുന്നു. എങ്കിലും പ്രവാചകന്മാരുടെ പ്രസംഗങ്ങളിലും സുന
ഗാനങ്ങളിലും ഒരു പ്രത്യേകതരം ബോധം ഉത്ഭവിച്ചു ശക്തിപ്പെ
വന്നു. ജഗന്നിയന്താവായ ദൈവം രക്തം ചൊരിയുന്നതുകൊ
തൃപ്തിപ്പെടുന്നവനല്ലെന്നും പിന്നെയോ വിശ്വാസം സ്നേഹം
നുസരണം മുതലായവ വഴിയായി അവനോടു ആത്മാവിൽ ഐ
ഭവിക്കണമെന്നുള്ളതാണ് അവൻ ആവശ്യപ്പെടുന്നതെന്നു
ദൈവത്തിനു കഴിക്കുന്ന ആരാധനയിൽ ഇവ മുഖ്യ സംഗതികളാ
കനാവൊന്നും ആയിരുന്നു ഈ ബോധം.

ദേവാലയകർമ്മങ്ങൾ നടത്തിക്കൂടെന്നു യേശു ഉപദേശിച്ചിട്ടി
ല്ലെങ്കിലും അവ തന്നിൽതന്നെ യാതൊരു ഫലവുമില്ലാത്തതാ
ണെന്നും അവയുടെ പിന്നിൽ പരമാർത്ഥതയും ശുദ്ധിയും ഭക്തി
യും ഉണ്ടായിരിക്കണമെന്നും പല ആവർത്തി അവൻ ഉറപ്പിച്ചു പ
റഞ്ഞിട്ടുണ്ടു്.

യേശുവിനു ദേവാലയത്തോടൊ പൌരോഹിത്യത്തോടൊ
യാതൊരു സംബന്ധവുമില്ലായിരുന്നു എന്നുള്ളതും ശ്രദ്ധാർഹ
രസകരവുമായ സംഗതിയാകുന്നു. യോഹന്നാൻ ഒരു പുരോഹി
ന്റെ മകൻ; യേശുവോ യൂദഗോത്രജാതൻ, എങ്കിലും യോഹന്
ദേവാലയത്തോടൊ അതിൽ നടക്കുന്ന ശുശ്രൂഷകളോടൊ റ
ഉണ്ടായിരുന്നതായി തീരെ കാണുന്നില്ല. പുരോഹി
ന്റെ പുത്രൻ എന്നുള്ള മുറയ്ക്കു അവൻ ഈ വിധം ഒഴിഞ്ഞി
ല്ലായിരുന്നു വെന്നാണു നമുക്കു തോന്നിപ്പോകുന്നതു.
നിന്നും അതിന്റെ ശുശ്രൂഷകളിൽ നിന്നും അ
വേർപെടുത്തി മരുഭൂമിയിൽ ഒരു പ്രവാചക
കാണുന്നു. യോഹന്നാനെ പ്രവാചകനെ
ഒരു പുരോഹിതനെന്നു ജനങ്ങൾ ഒരിക്കൽ പോലും വ
ല്ല.

യേശുവിനെക്കുറിച്ചും ഇതു സത്യമാണു്. യേശുക്രിസ്തുവ
നിറവേറിയ പ്രവചനങ്ങളെയോ അവൻെറ സ്നേഹിതന്മാര
വാക്കുകളെയോ അവൻെറ ശത്രുക്കളുടെ പ്രസ്താവനകളെ തന്നെ
മോ ഒരാൾ പരിശോധിക്കുന്നതായാൽ ആരെങ്കിലും യേശുവി
അഹറോനോടോ അവൻെറ വംശജന്മാരോടോ സംബന്ധിപ്പി
പറയുന്നതായി കാണുന്നില്ല. താൻ ആരെന്നു ജനങ്ങൾ പ
ന്നുവെന്നു യേശു ഒരിക്കൽ തൻെറ ശിഷ്യന്മാരോടു ചോദിച്ചു
ം ഏലിയാ അല്ലെങ്കിൽ യറമിയാ അഥവാ പ്രവാചകന്മാര
ഒരുവൻ എന്നു ജനങ്ങൾ പറയുന്നതായിട്ടത്രെ ശിഷ്യന്മാർ
പടി പറഞ്ഞതു്. യേശു ആരായിരുന്നു എന്നു ഹേറോദേ
സംശയിക്കുമ്പോൾ പ്രവാചകന്മാരിൽ ഒരുവൻ മരിച്ചവരുടെ
യിൽ നിന്നു ഉയിർത്തെഴുന്നേററു വന്നിരിക്കാം എന്നാണല്ലോ പ
ിൽനിന്നു കിട്ടിയ സമാധാനം. എന്നാൽ ഹേറോദാ പറഞ്ഞ
ങ്ങിനെയായിരുന്നു:— "അല്ല ഞാൻ ശിരഛേദം ചെയ്തയോ
ാനാണു "അവൻ" യോഹന്നാനെക്കുറിച്ചു യേശു പറയുന്നതാ
്; അവൻ ഒരുപ്രവാചകനിലും മികച്ചവൻ എന്നത്രെ. നല്ല
തിലെ യേശുവിനെ ജനങ്ങൾ സ്വീകരിച്ചപ്പോൾ തൻെറ രാ
ത്താഴികെ ഒരു പ്രവാചകൻ ബഹുമാനമില്ലാത്തവൻ അല്ല.

### പ്രവാചകന്മാരുടെ പിന്തുടർച്ചക്കാരൻ.

യഹൂദന്മാർ രാജകീയമായും മതസംബന്ധമായും ഉള്ള
ന്ധലങ്ങളിൽ മുഴുകിക്കിടന്നവരായിരുന്നു. എങ്കിലും യേശു
ൻെറ ജീവിതകാലത്തു രാജകീയമൊ യാജകീയമൊ ആയ യാതൊ
പാരമ്പര്യത്തോടും ചേർന്നിരുന്നില്ല. ജനങ്ങൾ അവനെ ഒരു
ാക്കാൻ ആഗ്രഹിച്ചു എന്നുള്ളതു് ഒരുവിപരീത ന്യായമല്ല
വനോ അവൻെറ വേലയോ ഏതെങ്കിലും വിധത്തിൽ രാജ
ിയോടൊ ദേവാലയത്തോടോ സംബന്ധിച്ചിരുന്നതായി ജനങ്ങ
ണ്ടില്ല. അവൻെറ കാലംകഴിഞ്ഞു പുരോഹിതനും രാജാവും
അവൻ വിളിക്കപ്പെട്ടു. ഈരണ്ടു ഉദ്യോഗങ്ങൾക്കുമുള്ള യോഗ്യ
അവനുണ്ടു്. എന്നാൽ അവൻജീവിച്ചിരുന്ന കാലത്തു യാതൊ
മനുഷ്യനും രാജകീയ പരമ്പരയോടോ അഹറോൻ പരമ്പരയോ
രാവനു സംബന്ധമുള്ളതായി ധരിച്ചിരുന്നില്ല. തൻെറ പ്രവർത്ത
ലുംവാക്കിലും സ്പഷ്ടമായിതെളിയുംവണ്ണം പഴയനിയമപ്രവാച
രുടെ ആത്മാവുണ്ടായിരുന്ന അവനെ ആ പ്രവാചകന്മാരുടെ

പിന്തുടർച്ചക്കാരൻ എന്നല്ലാതെ അവൻെറ ശിഷ്യന്മാർ കൂടെയും
വിചാരിച്ചിരുന്നില്ല.

എപ്പോഴെങ്കിലും ന്യായപ്രമാണത്തെസംബന്ധിച്ചോ ദേവാ
ലയത്തെ സംബന്ധിച്ചോ എന്തെങ്കിലും പറയേണ്ടിവന്നാൽ താ
ൻ അവയ്ക്കു മീതെയാണെന്ന് അവൻ സ്പഷ്ടമായി പ്രസ്താവിച്ചിരു
ന്നു. ദേവാലയത്തെക്കാരം വലിയവൻ ഇവിടെയുണ്ടു എന്ന മ
ത്തായിയുടെ സുവിശേഷത്തിൽ പറഞ്ഞു കാണുന്നു. അവിടെത
ന്നെ മനുഷ്യപുത്രൻ ശാബതിന്നു കർത്താവാകുന്നു എന്നു വായിക്ക
ന്നു. മററു പലടത്തും ഇതിന്നു തുല്യമായ പ്രസ്താവനകരം കണ്ടു
പിടിക്കാൻ കഴിയും. എന്നാൽ അവയെല്ലാം യേശു തൻെറ
ങ്ങളുടെ ആത്മീക നേതാവെന്ന മുറയ്ക്കു പൂർവ്വശതകങ്ങളിൽ നി
മ്മിക്കപ്പെട്ട സകല സ്ഥാപനങ്ങളേക്കാളും താൻ മികച്ചവനാണെ
ന്നുള്ളതിനെ വെളിപ്പെടുത്തുന്നു.

ഇതുപോലെതന്നെ യേശു തൻെറശിഷ്യന്മാരെ അയയ്ക്കുന്ന
ഘട്ടത്തിലും പുരോഹിതോദ്യോഗം സംബന്ധിച്ചു് ഒന്നും പറഞ്ഞു
കാണുന്നില്ല, അവർ അപ്പോസ്തലന്മാരെന്നു വിളിക്കപ്പെട്ടു. അയ
യ്ക്കപ്പെട്ടവർ എന്നാണു അതിന്നർത്ഥം. പുതിയ നിയമം ഗ്രീ
ക്കിന്നു പകരം ലത്തീൻ ഉപയോഗിച്ചിരുന്നെങ്കിൽ ഇവക്കു മിഷ്യ
നറിമാർ എന്നു തന്നെ പേരുണ്ടാകുമായിരുന്നു. ഈ സ്ഥിതിക്കു
ആദ്യകാലത്തുള്ള ബഹുലം മിഷ്യനറിമാർ പൌലോസിനെയും ബ
ർന്നബാസിനേയും പോലെ സത്യ അപ്പോസ്തലന്മാരത്രെ. ഒരി
ക്കൽ പ്രാവശ്യം തന്നെ അനേക പുരോഹിതന്മാർ വിശ്വാസത്തിന്നു
കീഴ്പ്പെട്ടതായി പറഞ്ഞിട്ടുണ്ടെങ്കിലും അവരുടെ ഇടയിൽനി
ന്നു ഒരു ശിഷ്യനെങ്കിലും തെരഞ്ഞെടുക്കപ്പെട്ടില്ല. അഹരോ
ൻെറ ഏതുവിധമായ പിന്തുടർച്ചയേക്കാളും താൻ മുഖാന്തരം കൈ
വിട്ടു ലഭിക്കുന്ന ദൈവത്തോടുള്ള സംബന്ധമാണു ഏററം പ്രധാ
നമെന്നു കാണിക്കുന്നതിന്നല്ലെങ്കിൽ സഭയുടെ അധികാരമുള്ള നേതാ
ക്കളെ എടുപ്പാൻ യേശു ഈ പുരോഹിത കൂട്ടത്തിൻെറ നേരെ ന
ടിയാഞ്ഞതെന്തുകൊണ്ടെന്നു് എനിക്കറിഞ്ഞു കൂടാ. അഹരോ
ൻെറ കുടുംബക്കാക്കു മാത്രമേ ഈ ഉദ്യോഗം ലഭിക്കാനുള്ള യോ
ഗ്യതയുള്ളു എന്നു ഗണിപ്പാൻ തക്കവണ്ണം യഹൂദന്മാരുടെ ഇട

ർ പൌരോഹിത്യത്തിന്റെ ഈ തുടർച്ച അതി പ്രധാനമായി
നിക്കപ്പെട്ടിരിക്കെ ആത്മികമായ ഒരു വലിയ സത്യം അപ
പ്പെട്ടുപോകാൻ ഇടയുണ്ടു് എന്നു വിചാരിച്ചു മാത്രമല്ലെങ്കിൽ ക്രി
ട്ടു ആ പിന്തുടർച്ചയിൽനിന്നു മാറി യഹൂദാഗോത്രക്കാരനാ
നിച്ചതു എന്തു കാരണത്താലാണു്?

### കൂട്ടായ്മയിൽ അസ്ഥിവാരമിടപ്പെട്ട ഒരു രാജ്യം.

യേശു തന്റെ ശിഷ്യന്മാൎക്കു കൊടുത്ത ഉപദേശങ്ങളി
അവർ എന്തു ചെയ്യണമെന്നും എവിടേക്കു പോകണമെന്നു
ങ്ങിനെ പ്രവൎത്തിക്കണമെന്നും ഈദൃശംതെളിവായി അ
ാടുപദേശിക്കുന്നു അവൻ അവരോടു പറയുന്ന ഓരോന്നു
അവന്റെ രാജ്യം ആത്മികമാണെന്നും അവന്റെ രാജ്യത്ത
ന്റെ അംഗത്വം അവനോടുള്ള കൂട്ടായ്മയിൽ ആധേ
പ്പെട്ടിരിക്കയാണെന്നുമുള്ള ആശയത്തിന്മേൽ ചുവടുറപ്പിച്ചിട്ടുള്ള
ാകുന്നു. തന്റെ കാലത്തുള്ള ജനങ്ങളോടുപദേശിപ്പാൻ അ
ലങ്ങളൊ സദൃശങ്ങളൊ കൎമ്മാചാരങ്ങളൊ തന്റെ ശിഷ്യന്മ
ഏൾപ്പിക്കുന്നില്ല. നേരെമറിച്ചു തങ്ങളുടെ പാപങ്ങളെപ്പ
ി അനുതപിക്കുന്നതിനും അവനിൽ വിശ്വസിക്കുന്നതിനു
ുള്ളവരെ സന്തോഷപൂൎവ്വം ശുശ്രൂഷിക്കുന്നതിനും അവരെ നി
ന്ധിക്കയത്രെ ചെയ്യുന്നതു്. തന്നോടുള്ള ആന്തരികമായ കൂ
യ്മയുടെ ബാഹ്യചിഹ്നമായി ഉപയോഗിപ്പാൻ രണ്ടു പ്രതിരൂ
കൎമ്മങ്ങൾ അവൻ അവൎക്കു കൊടുത്തതു അവന്റെ ശുശ്രൂഷയ
ഒടുവിൽ മാത്രമാകുന്നു. എന്നാൽ അവയിൽ തന്നെയും സ്നേ
ത്തിന്റെയും വിശ്വാസത്തിന്റെയും ആഭ്യന്തരജീവൻ ബാഹ്യ
ഹ്നങ്ങൾക്കു മുൻപേ ഉണ്ടായിരിക്കണം.

ഈ പാരായണത്തിൽ നാം മുമ്പോട്ടു പോകുന്നപക്ഷം ശിഷ്യ
ർ പെന്തിക്കോസ്തുദിവസത്തിൽ വിശുദ്ധാത്മാവിനാൽ നിറ
പ്പെട്ടശേഷമാണു് തങ്ങളുടെ വേലയിൽ ഏൎപ്പെട്ടിട്ടുള്ളതെന്നു
വേലയ്ക്കു ദേവാലയത്തോടോ അതിലെ യാഗങ്ങളോടോ യാ
ാതു സംബന്ധവുമില്ലായിരുന്നുവെന്നും നാം കാണും. "അവ
ദേവാലയത്തിൽ കൂടി വന്നു. അവിടെ തന്നെ അവർ പ്രസം
ച്ചു. എന്നാൽ ആലയത്തിലെ കൎമ്മാചാരങ്ങളിൽ അവർ പ

കട്ടത്തതായി യാതൊരു തെളിവുമില്ല. ഉയിൎത്തെഴുന്നേററ
ാവിലുള്ള വിശ്വാസം അവനോടുള്ള കൂട്ടായ്മ ഇവയത്രെ
പ്രാധാന്യവും അവർ കൊടുത്തതു്. അവരുടെ സംഘടന
യുന്നിടത്തോളം ഏറ്റവും ശിഥിലമായിരുന്നു. കൎത്താവിന്റെ
ചിതമായ പുനരാഗമനത്തിനുവേണ്ടിയുള്ള അവരുടെ കാ
പ്പു തങ്ങളുടെ ഭംഗുരമായ കൂട്ടായ്മയെ സ്ഥിരവും സുദൃഢവു
ഒരു സംഘടനയാക്കി രൂപാന്തരീകരിക്കുന്നതിൽ നിന്നു അ
തടുത്തു. അനേക വൎഷങ്ങൾ കഴിഞ്ഞിട്ടത്രെ യേശുവിന്റെ
വിതവൃത്താന്തത്തെ പഴയനിയമഭാഷകൊണ്ടു വ്യാഖ്യാനിക്ക
നാം ആലയത്തോടും അതിന്റെ ശുശ്രൂഷകളോടും സംബന്ധ
അലംകൃതവാക്കുകൾ അവനെപ്പററി ഉപയോഗിപ്പാൻ തുടങ്ങി
ക്രിസ്തു അവയെപ്പററി ഒരിക്കലും പറഞ്ഞിട്ടില്ലാത്തതുകൊണ്ട
പ്പോസ്തലന്മാരുടെ ഈദൃശപ്രസ്താവനകൾ ന്യായമായിരിക്കു
ന്നൊരു ചോദ്യത്തിന്നു വകയുണ്ടു്. എന്നാൽ ക്രിസ്തു പഴ
യമത്തെ നിവൃത്തിപ്പാനായിട്ടാണ് വന്നതു് എന്നുള്ളതു തകി
ിതമാകുന്നു. അതുപോലെ തന്നെ പഴയനിയമത്തിലെ വാ
ങ്ങൾ നിറവേറുമ്പോൾ എബ്രായലേഖനം സ്പഷ്ടമായി പറ
തുപോലെ അവൻ പഴയനിയമാചാരങ്ങളെ തള്ളിക്കളഞ്ഞ
ന്നുള്ളതും നിസ്സംശയമാണു്. അവൻ മെല്ക്കീസദേക്കിനെ
ാലെ പൂൎവ്വഗാമിയോ അനുഗാമിയോ ഇല്ലാത്ത മഹാ പുരോ
ിതനായിരുന്നതിനാൽ തന്റെ പൌരോഹിത്യമഹത്ത് ക
നായി ചെയ്തു തീൎക്കയാണുണ്ടായതു്.

---

## മാനുഷഭോജികളിൽ നിന്നു രക്ഷപെട്ടതു്.

ഹഡ്സൻ ടെയിലർ താഴെവരുംപ്രകാരം പറയുന്നു:-
ചൈനയിലേക്കുള്ള കപ്പൽയാത്ര അസുഖപ്രദമായ ഒന്നായിരു
ന്നു. കാററില്ലായ്കയാൽ ഞങ്ങൾ മധ്യരേഖാ പ്രദേശങ്ങ
ചില ദിനങ്ങൾ കഴിക്കേണ്ടി വന്നു. ഒടുവിൽ കിഴക്കെ ആൎച്ചി
ൽ എത്തി. വീണ്ടും ആ കാരണം കൊണ്ടു തന്നെ ഞങ്ങ
വിടെ താമസിച്ചു. അസ്തമയം കഴിഞ്ഞു് ഒരു കാററുണ

യാൽ അതു പ്രഭാതംവരെ നില്പു പതിവാണ്. ഈ തക്കം
യുന്നതും ഞങ്ങൾ ഉപയോഗപ്പെടുത്തിയെങ്കിലും പകൽ സമയ
ത്തിയിൽ പോയ ദൂരത്തിന്റെ ഒരംശം നഷ്ടപ്പെടുത്തി പുറ
ട്ടിറങ്ങി പായും ചുരുട്ടി ഞങ്ങൾ കാത്തുകിടക്കേണ്ടിവന്നു.

പ്രസ്തുത സംഭവം ന്യൂഗിനിയുടെ വടക്കു ഞങ്ങൾ കപ്പൽ
ത്തി കിടക്കുമ്പോഴാണ് ഉണ്ടായത്. ശനിയാഴ്ച രാത്രി കരയി
നിന്ന് ഒരു മൈൽ അകലെ ഞങ്ങൾ കപ്പൽ
പ്പിച്ചു. ഞായറാഴ്ച രാവിലെ കപ്പലിന്റെ മേൽത്തട്ടിൽവെ
ആരാധന നടന്നു. അതിനിടയ്ക്കു കപ്പിത്താനെ നോക്കിയപ്പോ
ൾ അദ്ദേഹം വളരെ വിഷമിക്കുന്നതായും കൂടക്കൂടെ കപ്പലിനെ
പുറമെ ചുറ്റുപാടും നോക്കുന്നതായും കണ്ടു. പിന്നീട് അദ്ദേ
ത്തിൽ നിന്ന് അതിന്റെ കാരണം മനസ്സിലായി. ഒരു ഭയങ്ക
മായ അടിയൊഴുക്കു വെള്ളത്തിൽ താണു കിടക്കുന്ന പാറയുടെ അ
ലേക്കു കപ്പലിനെ അടിച്ചുകൊണ്ടുപോകുന്നതായും, ഉച്ചക
ത്തുള്ള സമയം കൊണ്ട് അതിൽനിന്ന് തിരികെ എത്തുവാ
അസാധ്യമായും കാണപ്പെട്ടു. പ്രാതൽ കഴിഞ്ഞ് ബോട്ടിറക്ക
അതിൽ കയറി കപ്പലിന്റെ തല തിരിപ്പാൻ കഴിയുന്ന ശ്രമങ്ങ
ം ചെയ്തു എങ്കിലും അതെല്ലാം വിഫലമായിപ്പോയി. ക
യോട്ട് അടുത്തടുത്തു ചെല്ലുന്തോറും ആ നാട്ടുകാർ മണപ്പുറത്തു
ി അങ്ങോട്ടും ഇങ്ങോട്ടും പാഞ്ഞു നടക്കുന്നതും അങ്ങും ഇങ്ങ
ീ കത്തിക്കുന്നതും കണ്ടു. അവർ മനുഷ്യഭോജികൾ എന്നു കപ്പ
ത്താൻ മുഖാന്തരം ഞങ്ങൾ അറിഞ്ഞു. കരയിലേക്കു പാഞ്ഞു കൊ
ണ്ടിരിക്കുന്ന ഞങ്ങൾക്കു ഇതു വളരെ ഭയപ്രദമായിരുന്നുവെന്ന്
പറയേണ്ടതില്ലല്ലോ.

കുറച്ചുനേരം കപ്പലിന്റെ മേൽത്തട്ടിൽ മൗനമായി നിന്ന
ശേഷം കപ്പിത്താൻ എന്നോട് ഇങ്ങനെ പറഞ്ഞു: "നമ്മാൽ
കഴിയുന്നതു ചെയ്തു. ഇനിയും വരുന്നതുപോലെ വരട്ടെ" ഉടനെ
എനിക്കൊരു ഓർമ്മവന്നു. "ഇല്ല, ഇനി ഒരു കാര്യം കൂടി ചെ
യ്‌വാനുണ്ട്" എന്നു ഞാൻ അദ്ദേഹത്തോട് മറുപടി പറഞ്ഞു.
"അതെന്താ"ണെന്ന് അദ്ദേഹം ചോദിച്ചു. നാം നാലുപേർ ഈ
കപ്പലിൽ ക്രിസ്ത്യാനികളായിട്ടുണ്ടല്ലോ. ആശാരി, കലവറക്കാരൻ

കപ്പിത്താൻ, എന്നിവരേയും എന്നെയുംകൂട്ടിയാണു നാലുപേരെ
പറഞ്ഞതു്. നാം ഓരോരുത്തരും നമ്മുടെ സ്വന്തമുറിയിൽ
ന്നു തൽക്ഷണം ഒരു കാററിനെ അയപ്പാൻ ദൈവത്തോടു പ്ര
ൎത്ഥിക്കണം. നാം ഇങ്ങനെ യോജിച്ചു പ്രാൎത്ഥിച്ചാൽ അന്നുമ
കഴിഞ്ഞനാൾപോലെ ഉച്ചകഴിഞ്ഞും കാററിനെ അയപ്പാൻ ദൈ
വത്തിനു നിഷ്പ്രയാസം കഴിയും. ഈ ആലോചന കപ്പിത്താ
ഇഷ്ടമായി. ഞാൻ പോയി മറെറ രണ്ടു ക്രിസ്ത്യാനികൾ
ളും വിവരമറിയിച്ചു. ആശാരിയും ഞാനും കൂടി ഒന്നിച്ചു പ്ര
ൎത്ഥിച്ചു. ഇങ്ങനെ ഞങ്ങൾ നാലുപേരും പ്രാൎത്ഥിച്ചു. മറ
ഴികയായി കാത്തിരുന്നു ശക്തിയായി സ്വല്പസമയം പ്രാൎത്ഥ
യിൽ കഴിച്ചു. ഉടൻ പ്രാൎത്ഥന കേൾക്കപ്പെട്ടു എന്നും ഇനി
പ്രാൎത്ഥന തുടരേണ്ട ആവശ്യമില്ലെന്നും എനിക്കു തോന്നി
പെട്ടെന്നു ഞാൻ മേൽത്തട്ടിൽ ചെന്നു. അപ്പോൾ നിരീശ്വരന
യ ഒന്നാമത്തെ ഉദ്യോഗസ്ഥൻ അവിടെ ഉണ്ടായിരുന്നു. ഞാ
ചെന്നു് അദ്ദേഹത്തോടു "കപ്പൽ പായ് നിവൎത്തിടുവാൻ" ആ
ശ്യപ്പെട്ടു "അതുകൊണ്ടെന്തുഗുണം?" എന്നു് അവൻ എന്നോ
ചോദിച്ചു. "ദൈവത്തോടു ഞങ്ങൾ ഒരു കാററു ചോദിച്ചിട്ടു
ന്നു, അതു് ഉടനെ കിട്ടുമെന്നും, നാം പാറകൾക്കു വളരെ അ
ത്തിരിക്കയാൽ ഒരു നിമഷംപോലും കളയാൻ പാടി"ല്ലെന്ന
അയാളോടു പറഞ്ഞു. അവിശ്വാസത്തോടും നിന്ദയോടും അ
യാൾ എന്നെ നോക്കിക്കൊണ്ടു് "കാററിനെക്കുറിച്ചു കേൾക്കയല്ല
കാണുകതന്നെ ചെയ്യാതെ പായ് നൎത്തിടുകയില്ല" എന്നു് അ
ണെച്ചിട്ടു പറഞ്ഞു. എന്നാൽ അവൻ സംസാരിക്കുമ്പോൾ തന്നെ
അവന്റെ കണ്ണിൽ ഞാൻ സൂക്ഷിച്ചു നോക്കി. അവൻ പായ്
മരത്തിൽ തൂങ്ങുന്ന കപ്പൽപായിന്മേൽ നോക്കിക്കൊണ്ടിരിക്കെ
ഞാനും അതിന്മേൽ നോക്കി. പായുടെ കോണുകൾ കാററടിച്ചു
ഇളകുന്നതു കണ്ടു. ഞാൻ അദ്ദേഹത്തോടു്: "കാററു വരുന്നതു
കാണുന്നില്ലേ? പായ്മേൽ നോക്കുക. അതൊരു കാറെറന്നു പ
റവാൻ ഇല്ല; അതൊരനക്കം മാത്രമെ ഉള്ളു," എന്നായാൾ പ
റഞ്ഞതിനു "അതു് അനക്കമോ മറെറന്തെങ്കിലുമോ ആയി
ക്കൊള്ളട്ടെ; ദയചെയ്തു പായ് നിവൎത്തിടണം. അങ്ങനെ ചെയ്താ
ൽ ഈ കാററു നമുക്കുപയുക്തമായിത്തീരും". അയാൾ ഉടനെ
തു ചെയ്തു. അടുത്ത മിനിട്ടിൽ മേൽത്തട്ടിൽ മറ്റുള്ളവർ

ന്ന ശബ്ദം കേട്ട് സംഗതി എന്തെന്നറിവാൻ കപ്പിത്താ
രോതകവന്നു. അപ്പോൾ കാററു ശക്തിയായി അടിക്ക
യിരുന്നു. ഏതാനും മിനിററുകൾ കൊണ്ടു ഞങ്ങൾ ഓടി
മണിക്കൂറിൽ ൮ മൈൽ അകലെയായി. കടൽക്കരയി
ങ്ങൾ കണ്ട നഗ്നന്മാരായ മനുഷ്യഭോജികൾക്ക് ആ രാത്രി
ം ആഹാരമായിത്തീരുവാൻ സംഗതി വന്നില്ല. പെലി
പുകൾ കടക്കുന്നതു വരെയും ഈ കാററു തുടരെ നിൽക്ക
യി.

## റഷ്യയുടെ ക്രൂരത.

ഞാൻ ഏഴുകൊല്ലമായി വടക്കെ സൈബീറിയായിൽ
ക്‌ബ്രധാർക്സ് എന്ന പട്ടണത്തിൽ താമസിച്ചുവരികയാ
ന്നു ആർട്ടിക്ക് മഹാസമുദ്രം ഇതിനടുത്താണ്. ഏതാനു
ഹോദരന്മാരോടു കൂടി ഞാൻ ഇവിടെ സുവിശേഷവേല
കൊണ്ടിരുന്നു. ൧൯൨൨-ാമാണ്ടിൽ ആ വിജനഭൂമിയിൽ താമസി
ന്ന എനിക്കു റഷ്യയിലെ രാഷ്ട്രീയ പോലീസ് ഒരു സമൻ
അയച്ചതനുസരിച്ച് ഞാൻ അവരുടെ ആഫീസിൽ എ
പരുഷവും ക്രൂരവുമായ ശബ്ദത്തിൽ ജി. പി. യു പ്രധിധ
എന്നോടു പറഞ്ഞതു് "സുവിശേഷപ്രസംഗികന്മാരായ നിങ്ങ
എല്ലാം ഞങ്ങൾ പൂട്ടാതാക്കും." ഇതിന്റെ ശേഷം വലിയ ക
ങ്ങൾ പറഞ്ഞു് എന്നെ കാറം ചുമത്തുന്നതിന് കുറെ അധ
നരം ശ്രമിക്കയുണ്ടായി. അതു ഫലിക്കാതെ വന്നപ്പോൾ
മ്മണ്ടു് അധികൃതന്മാരുടെ അനുവാദം കൂടാതെ പല ഗ്രാമങ്ങ
ം ഞാൻ പ്രസംഗം നടത്തിയതായി ചാർജ്ജു ചെയ്തു. ഇ
രിയല്ലെന്നു വന്നതിനാൽ എന്നെ വിട്ടയയ്ക്കണമെന്നു് റഷ്യ
ലാ അനുസരിച്ചു ഞാൻ അപേക്ഷിക്കയുണ്ടായി. അവർ ഇ
ന അവഗണിച്ച് എന്നെ തടവിലാക്കുകയും, ഞാൻ താമസി
രുന്ന സ്ഥലത്തു് എന്റെ വർത്തമാനം അറിയിക്കുന്നതിനു
വിസംവദിക്കയും ചെയ്തു. അവിടെ എന്നെ ഒരു ഭവന
വർപട്ടിണിക്കിട്ടു. കതകടച്ചുകൊണ്ടു് ന്യായാധിപതി

എന്നെ കുററം ചുമത്തിയ ആളും മാത്രം ഇതന്ന് എന്നെ
ച്ചതിൻെറ ഫലമായി എനിക്കു പത്തു വർഷത്തെ നാടുക
ത്തലോ വെടിവെച്ചുള്ള കൊലയോ വിധിച്ചു. എന്നാൽ ഇ
യി ആദ്യമായി റെറാബോംസ്ക്കിലെ കോർട്ടിൽ വിചാരണ
ക്കേണ്ടിയിരുന്നതിനാൽ എന്നെ അവിടേക്കയച്ചു. റെറാബോ
സ്ക്ക് ൪൨൦൦മൈൽദൂരത്തിൽ സ്ഥിതിചെയ്യുന്ന ഒരുപട്ടണമായ
ം കപ്പൽ വഴിമാത്രമേ അവിടെ എത്തുവാൻ മാർഗ്ഗമുണ്ടായി
നാളുള്ള ഞാൻ കയറിയ യാത്രക്കപ്പലിൻെറ മേൽത്തട്ടിൽ അ
ാ എട്ടാ ഗജം നീളമുള്ളതും മൂന്നുഗജം വീതിയുള്ളതുമായ ഒ
ട്ട് ഉണ്ടാക്കിയിട്ടുണ്ട്. മററു ൨൯ ആളുകളോടുകൂടി അതിൽ
ളിക്കടത്തി. ഇങ്ങനെ ഒരാഴ്ച മുഴുവൻ നിഷ്ക്കർഷയായ ബ
ന്തവസ്സോടു കൂടി ഞാൻ യാത്ര ചെയ്തു.

ഒരു ഞായറാഴ്ച ഞങ്ങളുടെ കപ്പൽ റെറാബോസ്ക്ക് തു
ചെത്തു് അത്തു പുതുതായി വന്നിരിക്കുന്ന കുററക്കാരെ ക
ാൻ ജനങ്ങൾ കൂട്ടം കൂട്ടമായിവന്നു. അവർ ഞങ്ങളെ റ
ിയപ്പോൾ കുററക്കാരെന്നുള്ള പേരിനു ഞങ്ങൾ അർഹരല്ലെ
ന്ന് കണ്ടവർക്കെല്ലാം മനസ്സിലായി. കരയ്ക്കു ഞങ്ങളെ ഇറക്ക
ം ശേഷം രണ്ടുമൈൽ അകലെയുള്ള കാരാഗൃഹത്തിലേക്കു ഞ
ങ്ങളെ ബലമായബന്തവസ്സോടുകൂടി കൊണ്ടുപോയി. ഈ കാ
ഗൃഹം വലിയ കുററക്കാർക്കും കൊലപാതകന്മാർക്കും ഉള്ളതായി
ന്നു. അതിലുള്ള ഒരു മുറിയിൽ ഞങ്ങളിൽ നാല്പതുപേരെ ഇ
ഈ ചെറിയ മുറിയുടെ മദ്ധ്യത്തിൽ നാററം എടുക്കുന്ന രണ്ടു ച
നകൾക്കുന്നുകൾ കൂട്ടിയിരുന്നു. കിടക്കകൾ ഇല്ലാതിരുന്നതിനാ
ഞങ്ങൾ തറയെത്തന്നെ ശരണം പ്രാപിച്ചു. എൻെറ ഈ ര
വാസം മൂന്നുമാസം മുഴുവൻ നിന്നു.

അവിടെ നിന്നു വിട്ടുവിക്കപ്പെട്ടശേഷം ൧൯൩൦ ഡിസംബ
ാം ഞങ്ങൾ റഷ്യക്കും ചൈനയ്ക്കും മദ്ധ്യേയുള്ള ആമൂ
തി കടന്ന് കിഴക്കൻ റഷ്യയിലേക്കു പോകുവാൻ പുറപ്പെ
ന്നിന് വലിയ ഭാരമുണ്ടായിരുന്നു. എങ്കിലും ദൃഢനിശ്ച
ത്തോടുകൂടി യാത്ര ആരംഭിച്ചു. റെയിൽവേ ടിക്കററുകൾ വാ
ുന്നതു വളരെ പ്രയാസമായിരുന്നു. കാരണം, ടിക്കററുവാങ്ങു
ുന്നവർ പാസ്പോർട്ട് കാണിക്കേണ്ടിയിരുന്നു. എന്നെ

പാസ്പോർട്ട് വളരെ സംശയഗ്രസ്തമായ ഒന്നായിരുന്നതി[നാൽ] അപകടം പ്രതീക്ഷിക്കുവാൻ മാത്രമെ ഞങ്ങൾക്കു നിവൃത്തി ഉണ്ടായിരുന്നൊള്ളു. എന്നാൽ ഇക്കാര്യത്തിൽ ഒരു റയിൽ ശിപായി മുഖാന്തരം കർത്താവ് അത്ഭുതകരമായ വിധത്തിൽ സഹായിച്ചു. പോലീസുകാർ വരികയും യാത്രക്കാരുടെ പാസ്പോർട്ടുകൾ പരിശോധിച്ചുകൊണ്ടിരിക്കയും ചെയ്തുവെങ്കിലും ജി. യു. പ്രസിഡണ്ടും കുടുംബവും ഞങ്ങൾ കയറിയിരുന്ന മു[റിയി]ൽ ആയിരുന്നതുകൊണ്ട് ഞങ്ങളെ പരിശോധിക്കാതെ [illegible] ഒടുവിൽ ഞങ്ങൾ ഒരു പട്ടണത്തിൽ ചെന്നു. ആരും കാ[ണാ]തെ അവിടെയുള്ള ഒരു സത്രത്തിൽ എത്തണമെന്നു വിചാ[രിച്ച്] ഞങ്ങൾ ഇരുട്ടിയ ശേഷമാണ് അവിടെ എത്തിയതു്. [illegible]ത്തിൽ ചെന്നപ്പോഴും ഞങ്ങൾക്കു കിട്ടിയതു് അസുഖകര[മായ] ഒരു മുറിയായിരുന്നു. പത്തുദിവസത്തെ റയിൽവേ യാത്ര[യ്ക്കു] ശേഷം ഞങ്ങൾക്കെവിടെയാണു വിശ്രമം കിട്ടുന്നതു്?

പിറ്റേദിവസം രണ്ടു മഞ്ചുവണ്ടികൾ ഞങ്ങൾ കൂലി[ക്കെ]ടുത്തു. ൫൦ മൈൽ അപ്പുറം താമസിച്ചിരുന്ന എന്റെ [illegible] സഹോദരനെ കാണുവാൻ അവിടേക്കു പോയി. അപ്പോൾ [illegible] ഒരു തണുപ്പുണ്ടായിരുന്നു. ഡ്രൈവറന്മാരിൽ ഒരുത്തൻ അ[വ]ന്റെ ജീർണ്ണിച്ച രോമത്തുണി എന്റെ ഭാര്യയ്ക്കു പുതക്കാൻ കൊ[ടു]ടുത്തു. ഇങ്ങനെ ഞങ്ങൾ അതിർത്തിയിൽ എത്തി; മൈ[illegible] ഞങ്ങളുടെ ദൃഷ്ടിക്കു വിഷയീഭവിക്കയും ചെയ്തു. അപ്പോൾ ഇ[illegible] ഞങ്ങളുടെ പിന്നാലെ ഒരു കനം കുറഞ്ഞ മഞ്ചുവണ്ടിയിൽ [illegible]ന്നാളുകൾ ഓടിച്ചു വരുന്നു. അവർ ഞങ്ങളെ കണ്ടപ്പോ[ൾ] എങ്കിലും, പയ്യെ വണ്ടിവിട്ടതിനാൽ ഞങ്ങളുമായി അടു[ത്തു] രണ്ടുപേർ വണ്ടിയിൽ നിന്നിറങ്ങി ഞങ്ങളെ വീക്ഷിച്ചുകൊ[ണ്ടു] കൊണ്ടു നടക്കയായി. എന്റെ ചങ്ക് അതിവേഗം അടി[ക്കുവാ]ൻ തുടങ്ങി. എനിക്കു സംസാരിക്കാൻ കഴിഞ്ഞില്ല. എ[ങ്കി]ലും അപകടവുമില്ലാത്തതുപോലെ ഭാവിച്ചു ഞാൻ മുൻപോ[ട്ടു] പോയി. അവർ ജി. പി. യു. സംഘത്തോടു ചേർന്നവരാണെ[ന്നു] എനിക്കവരുടെ വസ്ത്രങ്ങൾ കൊണ്ടു മനസ്സിലായി. ഡ്രൈ[വറ]ോടു ഞാൻ വിവരം പറഞ്ഞു. ഉള്ളുകൊണ്ടു ഞാൻ ദൈ[വ]ത്തോടു പ്രാർത്ഥിക്കയും ചെയ്തു. സ്വാതന്ത്ര്യരാജ്യത്തോടടുത്താ[ണ്] ഞങ്ങൾ സഞ്ചരിക്കുന്നതെന്നുവരികിലും ശത്രുക്കളുടെ നടുവിൽ

ായിരുന്നു ഞങ്ങൾ കടന്നുപോയതു്. ഇങ്ങനെ ഒരു
ായി. എന്നാൽ എന്റെ ഭാര്യയുടെ ദേഹത്തിൽ കിടന്നി
ുന്ന രോമത്തുണിയും എന്റെ നീണ്ട താടിയും നിമിത്തം
ളുടെ വണ്ടി നിറുത്തി പരിശോധിക്കുവാൻ സംഗതി വന്നില്ല
ത്രി ഒരു റഷ്യൻ ഗ്രാമത്തിൽ താമസിച്ചു. പിറ്റേദിവസം ഞങ്ങൾ
ഹോദരൻ താമസിച്ചിരുന്ന ജർമ്മൻ ഗ്രാമത്തിലേക്കു പോയി.
ൾ അവരുടെ വസതിയുടെ മുറ്റത്തെത്തിയപ്പോൾ എല്ലാ
ിശബ്ദമായി കാണുന്നു. അകത്തു ചെന്നപ്പോൾ ആരെയു
ന്നൊന്നില്ലാ. പെട്ടന്നു് എന്റെ സഹോദരന്റെ ഭാര്യ പ
ത്തുക്കു വന്നു. അവൾ ഇങ്ങനെ പറഞ്ഞു: "നീ ഇപ്പോൾ
വിടെ വന്നതു വളരെ നന്നായി. പോലീസുകാർ എന്റെ
ാവിനെ അറസ്റ്റുചെയ്‌വാൻ ആളയച്ചു. അവൻ ഇത
ളിച്ചോടിപ്പോയിരിക്കുന്നു. അവളെയും അഞ്ചു ചെറിയ കുട്ടിക
ളെയും കണ്ടപ്പോൾ ഞങ്ങൾ കരഞ്ഞുപോയി. ഞങ്ങൾ റഷ്യയ
ആകപ്പാടെ നൂറു മൈൽ സഞ്ചരിച്ചു. എല്ലായിടത്തും ഇ
പോലെയുള്ള ഭയങ്കര കാഴ്ചകളാണു ഞങ്ങൾ കണ്ടതു്. രാത്രി
ധികമായപ്പോൾ കതക നിശബ്ദമായി തുറന്നുകൊണ്ടു എ
ന്റെ സഹോദരൻ അകത്തുവന്നു. കുട്ടികൾക്കു സന്തോഷമാ
എങ്കിലും ഒറ്റുകാരെക്കുറിച്ചുള്ള ഭയത്താൽ അക്ഷരം ഉച്ചത്തിൽ
രം പറഞ്ഞില്ല. ചെവിയിൽ മന്ത്രിച്ചുകൊണ്ടാണു ഞങ്ങ
ടെ ആലോചനകൾ അന്യോന്യം അറിയിച്ചതു്. കാരണം
ാതത്തിനു മുമ്പു് എന്റെ സഹോദരനു പോകേണ്ടിയിരുന്നു
അവന്റെ സന്ദർശനവിവരം അയൽക്കാരുപോലും അറിഞ്ഞു
ം എന്നുമുണ്ടായിരുന്നു.

ആമൂർ നദിയുടെ സമീപത്തെത്തുവാൻ ഞങ്ങൾക്കു
മൈൽ മാത്രമേ ഉണ്ടായിരുന്നുള്ളു. ഞങ്ങൾക്കു വേണ്ട സൗക
ലഭിക്കുവാൻ നദി കടക്കാതെ നിവൃത്തിയില്ലെന്നായി. എന്ന
ൽ ഇതിനാവശ്യമുള്ള പണം ഞങ്ങൾക്കില്ലായിരുന്നു. എന്റെ
നാളിയനു് അമേരിക്കയിൽ നിന്നു തൽക്കാലം കിട്ടിയ ഫ
ർ ഞങ്ങൾക്കു തന്നു. ഇതുകൊണ്ടും ആവശ്യം നടക്കയില്ലാ
ന്നു. അങ്ങിനെയിരിക്കെ ഒരാൾ വന്നു മൂന്നു വണ്ടിയും
യും വസ്ത്രത്തിനാവശ്യമുള്ള പണവും തരാമെന്നു
ചതു. ഞങ്ങളുടെ സാമാനങ്ങൾ മിക്കതും റയിൽവെ

ൽവെച്ചു നഷ്ടപ്പെട്ടുപോയി. ശേഷമുള്ള സാമാനങ്ങൾ എ
ളാം ഒരു സഞ്ചിയിൽ ആക്കി ഇനിയും ഞങ്ങൾക്കാവ
ണ്ടായിരുന്നതു് ഒരു വഴികാട്ടിയെ ആണ്. ഇതിനായി ഞ
ൾ വളരെ പ്രാർത്ഥിച്ചുകൊണ്ടു രണ്ടുദിവസം കഴിച്ചുകൂട്ടി
ന്റെ ഫലമായി ഒരു വഴികാട്ടി വന്നുചേർന്നു. ഇയാൾ ഒരു
നാക്കാരൻ ആയിരുന്നു. രണ്ടു വണ്ടികളും ഒരു കുതിരയും
യാൾക്കു കൊടുക്കാമെന്നു ഞങ്ങൾ വാഗ്ദാനം ചെയ്തു. ഡി
ബർ ൨൦-ാംനു- രാത്രി ഞങ്ങൾ പുറപ്പെട്ടു. എല്ലാം തയ
യി കുഞ്ഞുങ്ങളേയും ഞങ്ങളുടെ ഭാര്യമാരേയും പൊതിഞ്ഞു
ട്ടി സാമാനങ്ങൾക്കിടയിൽ വെച്ചു. ശീതാധിക്യം നിമിത്തം
ലുകൾ ചാക്കുകൊണ്ടു പൊതിഞ്ഞിരുന്നു. കള്ളന്മാരേപ്പോ
ഞങ്ങൾ അവിടെനിന്നു കടന്നു. ഗ്രാമങ്ങളിൽകൂടി കടന്നു പോ
മ്പോൾ ആളുകൾ കാണാതിരിപ്പാൻ വണ്ടി ഒഴിച്ചുതിരിച്ചു
ണ്ടുപോയി. ഇങ്ങനെ എന്റെ സഹോദരൻ ഒളിച്ചിരുന്ന
വയസ്സുചെന്ന വിധവയുടെ ഭവനത്തിൽ ഞങ്ങൾ ചെന്നുചേ
ഞങ്ങൾ പിരിയുമ്പോൾ അവർ പറഞ്ഞതാവിതു: "ഞാൻ
ത്രിമുഴുവനും എന്റെ മുട്ടിന്മേൽ നിന്നു നിങ്ങൾക്കുവേണ്ടി
ർത്ഥിക്കയായിരുന്നു. കർത്താവു നിങ്ങളെ ഇവിടെ കൊണ്ടു
മെന്നു് എനിക്കു് അറിയാമായിരുന്നു. ഗ്രാമങ്ങളിൽ കൂടി
ത്രചെയ്യുന്നതായാൽ അപകടമുണ്ടാകുമെന്നു ഭയന്നു ഞങ്ങളെ
പ്പിഭൂമികളിൽ കൂടി കൊണ്ടുപോകുവാൻ ഞങ്ങളുടെ വഴിക
ശ്രമിച്ചു. എന്നാൽ മഞ്ഞു വളരെ ആഴമായി വീണുകിടന്നി
ന്നതുകൊണ്ടു് അതിലേ പോകുവാൻ നിവൃത്തിയില്ലായിരുന്നു.
നിമിത്തം വളരെസമയം നഷ്ടപ്പെടുത്തി. വീണ്ടും റോഡി
ഞാൻ ഉത്സാഹിക്കയും ചെയ്തു. ഞങ്ങൾ ഗ്രാമങ്ങളിൽകൂ
കടന്നുപോയപ്പോൾ കുതിരയുടെ ചാട്ടം കേട്ടു് പട്ടികൾ കര
വെങ്കിലും ആ ഗ്രാമത്തിലെ കാവൽക്കാരൻ ഞങ്ങളെ പിടിക്കു
ഞ്ഞതു് എന്തുകൊണ്ടെന്നറിഞ്ഞുകൂടാ. അനന്തരം റോഡുവ
ടന്നില്ലെങ്കിൽ അപകടമുണ്ടെന്നു ഞങ്ങളുടെ വഴികാട്ടി പ
യാൽ അകന്നു് ഒരു അരികുവഴിയിൽകൂടി യാത്ര ചെയ്തു.
ിയ ഇരുട്ടും തണുപ്പുമായിരുന്നതുകൊണ്ടു് ഞങ്ങൾക്കു വെളിച്ച
ഭിച്ചില്ല. അതിനാൽ വഴി അറിയുന്നതിനായി മാർഗ്ഗദർശ
ഞങ്ങളുടെ മുമ്പിൽ നടന്നുകൊണ്ടിരുന്നു. മഞ്ഞിനിടയിൽകൂ
ളരെ പ്രയാസപ്പെട്ടു ഞങ്ങളുടെ യാത്ര നിർവഹിച്ചു. കുതിര

ക്ഷീണിച്ചു ഗതി മന്ദമായി. ഞങ്ങൾ വളരെ തളർന്നു. ത
അസഹ്യതരമായിരുന്നു. ശീതം കൊണ്ട് എന്റെ ഭാര്യ
രെ കഷ്ടപ്പെടുന്നതായി ഞാൻ കണ്ടു. ഒരു മണിക്കു കുതിരക
തീററികൊടുത്തു, അനന്തരം അരമണിക്കൂർ വിശ്രമിച്ചു.
പ്പോൾ വിചാരിച്ചതു രണ്ടോ മൂന്നോ മണിക്കൂറിനുള്ളിൽ ഉ
സ്ഥലത്ത് എത്തുമെന്നായിരുന്നു. അതും പാഴിലായി.
മണി വെളുപ്പുവരെ സഞ്ചരിച്ചിട്ടും നദിയുടെ ലക്ഷ്യമൊന്
ണമൊന്നില്ലായിരുന്നു. എല്ലാവരും കൂടുതൽ നിരാശരായി.
ദൈവത്തിൽ എന്നെത്തന്നെ ബലപ്പെടുത്തിയിട്ട് ദൈവ
ിമാത്രം എനിക്കു സഹായം എന്നു പ്രാർത്ഥിച്ചു. ഇങ്ങനെ മു
പോട്ടു പോകുമ്പോൾ ആമോർനദി ദൃഷ്ടിഗോചരമായി. അ
ാൽ ഞങ്ങൾക്കു സന്തോഷമുണ്ടായി. എങ്കിലും ആരെങ്കി
ങ്ങളെ പിടിച്ചേക്കുമോ എന്നുള്ള സംശയവും ഉണ്ടായിരുന്നു. ന
ധാനത്തിൽ മുന്നോട്ടു യാത്ര ചെയ്തു നദിക്ക് അരമൈൽ ഇ
ത്തു താമസമുറപ്പിച്ചു. അതിന്റെ ശേഷം നദിയുടെ എത്ര
ത്തുകൂടിയാണ് അക്കരെ കടക്കേണ്ടതെന്നുള്ള അന്വേഷണ
ി. മുട്ടോളമുള്ള മഞ്ഞിൽ അങ്ങുമിങ്ങും തിരിഞ്ഞുനടക്കവേ
അവിടെയും ചില പടയാളികളെ കാണുന്നതിനിടയായി.
തിരികെ വന്ന് ആ വിവരം ധരിപ്പിച്ചപ്പോൾ എല്ലാവ
ളരെ ഭയപ്പെട്ട് പെട്ടെന്ന് ഒരു ഭാഗത്ത് ഒളിച്ചു. ഞങ്ങ
ട വഴികാട്ടിയെ അമിതമായി വിശ്വസിച്ചുകൂടെന്നു കരു
എന്റെ സഹോദരൻ ഇറങ്ങി അയാളോടുകൂടി നടന്നു. ഇത
ിരി വഴികാട്ടികൾ പലപ്പോഴും വഴിയാത്രക്കാരെ ഒററിക്കൊ
ുക പതിവായിരുന്നു എന്നുള്ളതാണ് ഈ ഭയത്തിനു കാരണ
ഞങ്ങൾ പൂർണ്ണവേഗത്തിൽ കുതിരകളെ ഓടിച്ചു മഞ്ഞിലെ
ിലൂടെകൂടി പോയി. നദിക്ക് ഒരു മൈൽ വീതിയുണ്ടായിരു
രാവിലെ ൧൦ മണിക്കു ഞങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ മണിക്കൂ
ചു ഞാൻ കരയുകയും സന്തോഷിക്കയും വല്ലതും ഒന്നു പ
ാൻ ശ്രമിക്കയും ചെയ്തു. എന്നാൽ എനിക്കൊന്നിനും ശക്തി
ാതെപോയി. എന്റെ ഭാര്യ ഏങ്ങുകയും കണ്ണുനീർ പൊഴി
ു ചെയ്തു. ആ സമയത്തു ഞങ്ങൾക്കുണ്ടായ വികാരം പറ
ക്കാവതല്ല. ചൈനാക്കാരനായ ഞങ്ങളുടെ ആ വഴികാട്ടി
ജാതിയെങ്കിലും അവന്റെ തൊപ്പിയുരി റഷ്യൻ ഭാഷ

ർ “സ്ലാവാ ബോഗു” അതായത്തു ദൈവത്തിനു സ്തോത്രം
ു പറഞ്ഞു. ട്ടെവിൽ ഞങ്ങൾ അയാൾ താമസിക്കുന്ന ഗ്ര
തിലേക്കു വന്നു. ഞങ്ങളുടെ ഈയാത്രയ്ക്കു ഇരുപത്തു ഇരുപതെ
ു മണിക്കൂറുകൾ മാത്രമേ വേണ്ടിവന്നുള്ളു: എന്നാൽ അ
ിടയിൽ എത്ര കഷ്ടങ്ങളാണു ഞങ്ങൾ അനുഭവിച്ചതു്.

## ശിംശോൻ.

(ന്യായാ: ൧൩-൧൬)

(മി: കെ. എം. വറുഗീസ്)

ദൈവപുരുഷനായ മോശയുടെ അനുഗാമിയായ യോശു
സ്രായേൽ ജനങ്ങളെ വാഗ്ദത്തനാട്ടിൽ പ്രവേശിപ്പിച്ചു രാജ്യം
ിച്ചു ജനങ്ങൾക്കു വിഭാഗിച്ചു കൊടുത്തശേഷം മരിച്ചു. അ
രം ജനം യഹോവയെ വിട്ടുപിന്മാറി തങ്ങൾക്കു ബോധിച്ചു
ാരം നടന്നു. ന്യായാ ൩:൧-ൽ കാണുന്നപ്രകാരം, വീണ്ടെടു
പ്പെട്ട യിസ്രായേൽ യുദ്ധം അഭ്യസിക്കേണ്ടതിനും യഹോവയെ
ങ്ങളുടെ രക്ഷകനോടുള്ള അവരുടെ വിശ്വസ്തതയെ പരീക്ഷ
ണ്ടതിനും ദൈവം ആ ദേശത്തെ ആദിമനിവാസികളെ നശി
ിക്കാതെ ശേഷിപ്പിച്ചിരുന്നു. ഇവർ, പിന്മാറിയപ്പോഴൊക്കെ യിസ്രാ
ിനെ പീഡിപ്പിക്കയാൽ യിസ്രായേൽ ജനം യഹോവയോടു നി
ിളിക്കയും യഹോവ അവൎക്കു ഒത്നിയേൽ തുടങ്ങിയുള്ള ന്യായ
ിപന്മാരെ എഴുന്നേല്പിച്ചു ഏകദേശം മുന്നൂറുവർഷങ്ങളോളം അ
രുടെ വിവിധശത്രുക്കളുടെ കൈകളിൽനിന്നു അവരെ വിടു
യും ചെയ്തു. എന്നിട്ടും അവർ “എപ്പോഴും തെറ്റിപ്പോകുന്ന
ദയമുള്ളവരാ”യിരുന്നതിനാൽ യഹോവയെ വിട്ടു പിന്തി
ന്തു കളഞ്ഞു.

അതിനാൽ നാല്പതുവർഷങ്ങളോളം അവൎക്കു രക്ഷകനോ
ന്യായാധിപനോ ഇല്ലാതെ ഫെലിസ്ത്യരുടെ അടിമത്വത്തിൽ അ
ർ ഞെരുങ്ങുന്നതിനു ഇടയായി. അക്കാലത്താണു ദൈവപു

...ട്ടിൻപ്രകാരം ശിംശോൻ ഒരു നാസീർ നേർച്ചക്കാരനായി ജ...
...മായതു്. "ബാലൻ വളർന്നു യഹോവ അവനെ അനുഗ്രഹിച്ചു".
...ടാതെ, യഹോവയുടെ ആത്മാവു തൻെറ ജനത്തിൻെറ ഉദ്ധാര...
...ണത്തിനായി അവനെ ഉദ്യമിപ്പിച്ചുതുടങ്ങി.

രക്ഷിക്കപ്പെട്ട ഒരു വിശ്വാസിയുടെ ചിത്രമാണ ശിംശോ...
...ൻെറ ചരിത്രത്തിൽനിന്നു നമുക്കു കിട്ടുന്നതു്. പ്രിയ വായനക്കാ...
...ം ശത്രുവാകുന്ന പിശാചിൻ അടിമയിൽ ഞെരുങ്ങുന്ന നിൻെറ
...സഹോദരങ്ങളെ രക്ഷിപ്പാൻ നീ വിളിക്കപ്പെട്ടവനോ? സത്യത്തി...
...ൻെറ ആത്മാവായവനാൽ നീ ജനിക്കപ്പെട്ടിരിക്കുന്നുവോ? യഹോ...
...യുടെ ആത്മാവു നിന്നെ വല്ലപ്പോഴും ഉദ്യമിപ്പിച്ചിട്ടുണ്ടോ? പി...
...ശാചിൻ അടിമയിൽ കിടന്നു ഞെരുങ്ങുന്ന നിൻെറ സ്വന്തജന...
...ത്തെ വിട്ടുവിക്കുന്നതിനു നീ ആയുധമായി തീരുവാൻ ദൈവാത്മാ...
...വു നിന്നെ പ്രേരിപ്പിച്ചിട്ടുണ്ടോ? നീ യഥാർത്ഥമായി ദൈവത്തിൽ
...നിന്നു ജനിച്ചുവെങ്കിൽ നിനക്കു ഫെലിസ്ത്യരോടു യുദ്ധമുണ്ടെന്നോ...
...ള്ളതു് ഓർക്ക. ശിംശോൻ ദൈവാത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ട...
...പ്പോഴും അവൻ ദൈവഹിതത്തിനു പരിപൂർണ്ണമായി വിധേയ...
...പ്പെട്ടു ഫെലിസ്ത്യരോടു യുദ്ധം ചെയ്തു സ്വന്തജനത്തെ വിട്ടുവിക്കുന്ന...
...തിനുപകരം അവൻ തൻെറ ബുദ്ധിക്കൊത്ത ആലോചനകൾക്കു...
...കീഴ്പ്പെട്ടു പ്രവർത്തിപ്പാൻ തുടങ്ങി. ...യിസ്രായേലിൻെറ ഉദ്ധാര...
...ണത്തിനായി ഒന്നാമതു അവൻ ചെയ്തതു ഒരു ഫെലിസ്ത്യകന്യക...
...യെ വിവാഹം ചെയ്യുന്നതിനു ഒരുങ്ങുകയായിരുന്നു. അനേകരെ...
...വരുകളും തങ്ങളുടെ ഫെലിസ്ത്യരാകുന്ന ദുരുപദേശങ്ങളോടും പിശ...
...ചിൻെറ തന്ത്രങ്ങളോടും യുദ്ധം ചെയ്യുന്നതിനുപകരം അവരുമാ...
...യി സംബന്ധം പിടിച്ചു കാര്യം നേടിക്കളയാമെന്നു വിചാരിക്കുന്നു...
...ഇതെന്തു പിശക? ശത്രുക്കളുടെ ഇടയിൽ കടന്നു തൻെറ കടം ...
...ഥ പറഞ്ഞു ഫെലിസ്ത്യരെ തോല്പിക്കുന്നതിനു അവസരമുണ്ടാക്...
...വാൻ ശിംശോൻ ശ്രമിച്ചു. രക്ഷിക്കപ്പെട്ട ഓരോ ദൈവപൈ...
...തലിനും ഒരു കടം കഥയുണ്ടു്. ശത്രുവിൻെറ നടുവിലായാ...
...അവർക്കു അതു പറഞ്ഞേ മതിയാവൂ. ബലമുള്ള ശത്രുവായ പി...
...ശാചിൻെറ തലയെ തകർത്തതിനാൽ തലയോടിടത്തുനിന്നു ല...
...ച്ച തേൻ തന്നെയാണ അവരുടെ കടം കഥയുടെ രഹസ്യം. ...
...തേൻ തുള്ളി പാനം ചെയ്യുവർക്കു ആ രഹസ്യം എത്ര ഇമ്പ...
...ആ പാനം ചെയ്തതിനാൽ ബലഹീനനായ ഞാൻ ബലവാ...

തിന്. നിസ്സീമമാം തൻസ്നേഹത്തെ പ്രദർശിപ്പിക്കുന്ന ക്രൂശിനെ
റവുള്ളവർ കാണിക്കാതെ എങ്ങിനെയാണ് ഒരു സത്യവിശ്വാ
സി മൌനമായിരിക്കുന്നത്!!

ശിംശോൻ്റെ കടംകഥ ശത്രുപക്ഷത്തു നിന്നും അവനു
കാരായി വന്നവർക്കു മറപൊരുളായിരുന്നു. അവർ അവന്റെ
ള്ളയിൽ കൂടി ശിംശോനോടു തന്നെ രഹസ്യം മനസ്സിലാക്കി
തിനാൽ ശിംശോൻ്റെ പ്രയത്നം വിഫലമായി. പ്രിയ
ശ്വാസി, അവിശ്വാസിയുമായി ഇണയല്ലാ പിണ കൂടാതിരി
ന്നതിനു നീ സൂക്ഷിക്ക. അവിശ്വാസിയുമായുള്ള നിന്റെ കൂ
കെട്ടിനാൽ ശത്രുവിനെ തോല്പിക്കുന്നതിനുപകരം നിന്റെ രഹസ്യ
വെളിവായി നീ പരാജിതനാക്കപ്പെടും.

ശിംശോൻ ഫെലിസ്ത്യരെ തോല്പിക്കുന്നതിനു പ്രയോഗി
ച്ച രണ്ടാമത്തെ നയം അവർക്കു ബാഹ്യമായി കുറെ നഷ്ടം വരുത്തു
കയായിരുന്നു. കുറുക്കന്മാരുടെ വാലുകളിൽ പന്തം കൊളുത്തി
ലിസ്ത്യരുടെ വയലുകളിലേക്കു വിട്ട് അവരുടെ ഒലിവുതോട്ടങ്ങളെ
കാതന്യം നശിപ്പിച്ചു. ഇതുകൊണ്ടും ശത്രുവിനെ തോല്പി
ക്കുന്നതിനു അവനു കഴിഞ്ഞില്ല. പിന്നെയോ ശത്രുവിൽനിന്നു
ലൻ മുഖാന്തിരം അവന്റെ ചാർച്ചക്കാർക്കും പ്രയാസം നേരി
ട്ടതേയുള്ളൂ. മൂന്നാമതായി തന്റെ കരപ്രയോഗംകൊണ്ടു ശ
പക്ഷത്തുള്ള ചിലരെ കഠിനമായി ദണ്ഡിപ്പിച്ചാൽ തന്മൂലം
ത്രുക്കളെ കീഴ്പ്പെടുത്താമെന്നു അവൻ വിചാരിച്ചു. ഇതും
ഫലമായി എന്നു മാത്രമല്ല, അവന്റെ സ്വന്തക്കാരും അവന്റെ
ശത്രുക്കളായി തീരുന്നതിനിടയായി. ഹാ! സ്വന്തജനത്തിനു
ണ്ടുപ്പ് വരുത്തുവാൻ ശിംശോൻ ശ്രമിക്കവെ ഇപ്പോഴും അ
ർക്കു ശത്രുവായി പോയോ?.

മാനുഷമായ ആലോചനകളാൽ ദൈവത്തിന്റെ വേല
ലപ്രദമാക്കുവാൻ ശ്രമിക്കുന്ന ഏതൊരുത്തനും വരുന്ന അനുഭ
വിതാണ്. ശിംശോൻ്റെ മൂന്നു ഉപായങ്ങളും വിഫലമായി
ന്നു കണ്ടപ്പോൾ അവൻ യിസ്രായേലിന്റെ ഉദ്ധാരണത്തിനു
ന്നുമുള്ള പ്രവർത്തനം മതിയാക്കി. ഏതാം പാറയിൽ ഒരു ഗു

ിലേക്കു ചെന്നു് അവിടെ പാൎത്തു. സ്വന്ത ആലോചനയ്ക്കോ
ു സുവിശേഷവേലയ്ക്കോ ഇറങ്ങി പുറപ്പെട്ട അനേക ദൈവമക്ക
ം തങ്ങളുടെ ജഡത്തിൻ കൈകൾ ഉയൎത്തി വിജയം നേടാമെ
ു കരുതിയതിനാൽ പരാജിതരാകയും തന്മൂലം ഇതരജോലിക
ക്ക തിരികയും ചെയ്തിട്ടുള്ളതു നാം ധാരാളം കണ്ടിട്ടുണ്ടല്ലോ.
ങ്ങിനെയുള്ളവർ "എന്റെ മഹത്വം മറ്റുള്ളവൎക്കു കൊടുക്ക
ില്ല" എന്നുള്ള ദൈവവചനം ഓൎത്തെങ്കിൽ കൊള്ളായിരുന്നു.
ഹോദരാ, നിന്റെ പ്രയത്നത്താൽ നീ വിജയിയായാൽ കൎത്താവി
ു് അതുമൂലം മഹത്വമുണ്ടാകയില്ലല്ലോ. എത്രാംപേരായിൽ വെച്ചു
ിംശോൻ കൈകാലുകൾ ബന്ധിക്കപ്പെട്ടവാൻ തന്റെ സഹോദ
ന്മാരെ അനുവദിച്ചതുപോലെ പ്രവൎത്തനത്തിനു മുമ്പെ നിന്റെ
കൈകാലുകൾ ബന്ധിക്കപ്പെടുന്നതിനു നീ ഏല്പിക്ക. അപ്പോ
ം ദൈവാത്മാവു ശക്തിയോടെ നിന്റെ മേൽ വന്നിട്ടു നീ വൻ
കാൎയ്യങ്ങളെ പ്രവൎത്തിക്കുന്നതിനും മഹത്വം യഹോവയ്ക്കു ലഭിക്ക
ന്നതിനും ഇടയാകും. ശിംശോൻ കൈകാലുകൾ ബന്ധിക്കപ്പെട്ടവ
നായി തന്റെ സഹോദരന്മാരാൽ ശത്രുക്കളുടെ കൈകളിൽ ഏല്പി
ക്കപ്പെട്ടു. അപ്പോൾ യഹോവയുടെ ആത്മാവു അവനിൽകൂടി പ്ര
ൎത്തിപ്പാൻ തുടങ്ങി. ഒരു കഴുതയുടെ താടിയെല്ലുകൊണ്ടു അവൻ
ആയിരം പേരെ കൊന്നു്, കുന്നിന്മേൽ കുന്നായി കൂട്ടി. പ്രിയ
സഹോദരാ കഴിഞ്ഞ കാലങ്ങളിലെ നിന്റെ വേലയ്ക്കു തക്കഫല
കാണാനില്ലാഞ്ഞതു നീ പൂൎണ്ണമായി ദൈവത്തിൻ കൈയ്യിലുള്ള
ൽ നിന്നെ ഏല്പിക്കാഞ്ഞതു കൊണ്ടല്ലേ?. ദൈവം പ്രവൎത്തിക
മ്പോൾ മോശയുടെ ഉണങ്ങിയ വടിയും ആട്ടുകാരന്മാരുടെ കൈ
ല്ലുകൊണ്ടുള്ള കാഹളവും, പാത്രവും മൺകുടവും, കഴുതയുടെ താട
യെല്ലും, കവിണയും കല്ലും, എല്ലാം വലിയ ജയത്തിനു കാരണമ
യായി കാണപ്പെടും. "എന്റെ ശക്തി ബലഹീനതയാ
തികഞ്ഞുവരുന്നു" എന്ന തിരുവെഴുത്തു് എത്ര വാസ്തവം.

ശിംശോൻ ഇപ്പോൾ ഒരു വലിയ ജയാളി!! ഫെലിസ്ത
ർ അവനെ ഭയപ്പെടുന്നു. ഇരുപതു വൎഷം രാജ്യത്തിനു ഫെ
ത്യരിൽ നിന്നു സ്വസ്ഥതയുണ്ടായി. ഹാ! വളരെ സന്തോഷ
അവന്റെ സഹോദരന്മാർ അവനെ പിടിച്ചു കെട്ടുന്നതിനോ
ലിസ്ത്യരുടെ കയ്യിൽ ഏല്പിക്കുന്നതിനോ ഇപ്പോൾ ശക്തരല്ല.

വിധത്തിൽ ശിംശോൻ മരിച്ചെങ്കിൽ പഴയനിയമ വീരന്മാര
ഒരു ഉയർന്ന സ്ഥാനം ശിംശോന ലഭിക്കയില്ലായിരുന്നോ! എ
ഞാൻ സംശയിക്കുന്നു.

കർതൃ ശുശ്രൂഷയിൽ ജയോത്സവമായി ദിവസങ്ങളും
ച്ച അനേകം ദൈവമക്കൾ പിന്മാറിപ്പോകുന്നതു കാണുമ്പോ
എന്തു സങ്കടമാണുണ്ടാകുന്നത്? ദൈവസാന്നിദ്ധ്യത്തിൽനിന്നു
ന്യപ്പെട്ടുപോയിരുന്ന ഒരു കാലയളവ് എളിയവനായ എനി
അനുഭവപ്പെട്ടിരുന്നതു ഓർക്കുമ്പോൾ എന്തു സങ്കടം തോന്നു
എന്റെ സഹോദരന്മാരും എനിക്കുവേണ്ടി കണ്ണീരോട്ടു കരയു
തിനിടയായി. ദൈവനാമത്തിനു സ്തോത്രം; ദൈവകൃപ ഉ
ശിച്ചു. ശിംശോനെപ്പോലെ ഞാനും ലോകത്തിലേക്കു പോ
അവന്റെ ആത്മാവ് എന്നെ അവിടെനിന്നും ഹെബ്രോനി
കൊണ്ടുവന്നാക്കിയിരിക്കുന്നു ഹല്ലേലുയ്യാ.

ശിംശോൻ വീണ്ടും, തന്റെ ഇരുപതുവർഷത്തെ ജയജീ
തത്തിനുശേഷം ഫെലിസ്ത്യസ്ത്രീകളുടെ വശീകരണത്തിനു വ
വിധേയനായിപ്പോയി. ഗസായിൽ നിന്നു ദൈവാത്മാവ് അവ
രക്ഷപെടുത്തി, ഹെബ്രോനെതിരെ അവൻ ചെന്നെത്തി
കിലും അവൻ വീണ്ടും താഴ്‌വരയിലേക്കു ഇറങ്ങിപ്പോയ
സോരേക് താഴ്‌വരയിലെ ദെലീലയെ അവൻ സ്നേഹിക്കു
തിനിടയായി. വിശ്വാസിയെ! നിന്റെ വാസം എപ്പോഴും
ബ്രോനിൽ ആയിരിക്കട്ടെ! കൂട്ടായ്മയുടെ സ്ഥലത്തു് ആത്മ
ർമ്മകളിൽ നിവസിച്ചാൽ നീ ശുദ്ധമായിരിക്കും. താഴ്‌വരവാ
കാംക്ഷിച്ചു ഓരോരുത്തരും എത്ര അതിഷ്ടരായി തീർന്നപ്പോ
“ഇറങ്ങിച്ചെന്നു” എന്നുള്ള പദം ശിംശോന്റെ ചരിത്രത്തിൽ
കളെയും സൂക്ഷിക്ക നീയും ഇറങ്ങിപ്പോകരുതേ; പിന്നെയോ ക
റിപ്പോക. തിമ്നാതിലും, ഗസായിലും, സോരേക്കിലും ശിംശോ
ർ കണ്ടു. ഫെലിസ്ത്യ സ്ത്രീകളും ഗോലിയാത്തിന്റെ ജാതി
ന്നയാണ്. പിശാച് ഉഗ്രനായി വന്നാൽ അവനെ എതി
നതിനു ഏതൊരു ഭക്തനും പെട്ടെന്നു തയ്യാറാകും. എന്നാ
സൗമ്യതയും അഴകുമുള്ള ഒരു ദെലീലയായി വന്നാലോ അദ്ദേ

വിടെ പാതകമുണ്ടോ! അവൾ ബലഹീനയല്ലേ! എനിക്ക
ിഷ്പ്രയാസം അവളെ ജയിക്കരുതോ? ഞാൻ സൂക്ഷിച്ചുകൊ
ാം. എന്റെ ശക്തിയുടെ രഹസ്യം ഞാൻ അവൾക്കു അറി
ിച്ചുകൊടുക്കാതിരുന്നാൽ മതിയല്ലോ. എന്നു ശിംശോനെ
ാലെ അനേക വിശ്വാസികളും വിചാരിക്കുന്നു. അവർ നി
ശ്ചയമായും ദലീലമൂലം ശത്രുവിന്ന് അധീനരാകും. ഒന്നാം പ്രാവ
ശ്യവും രണ്ടാം പ്രാവശ്യവും ശിംശോൻ തന്റെ രഹസ്യം അറി
ിക്കാതെ അവളെ കബളിപ്പിച്ചു എങ്കിലും മൂന്നാം പ്രാവശ്യം
വൾ അവനെ അലട്ടുകയാൽ രഹസ്യം പറഞ്ഞുകൊടുക്കേണ്ടി
ന്നു. അവൾ ബലം പ്രയോഗിക്കാതെ, അവൻ സുഖമായി
വളുടെ മടിയിൽ ഉറങ്ങുമ്പോൾ, അവന്റെ നാസീർ മുടി
ക്ഷൗരം ചെയ്തു കളഞ്ഞു. ഹാ! അരിഷ്ടനായ ശിംശോൻ! ദൈ
കല്പനയ്ക്കെതിരായി അവന്റെ ശക്തിയുടെ രഹസ്യമായിരുന്ന
ാസീർ മുടി ക്ഷൗരം ചെയ്യപ്പെട്ടു. ദൈവാത്മാവു അവനെ
ിട്ടുപോയി. അവനോ ഇതൊന്നും അറിയാതെ, ശത്രുക്കൾ ത
ന്റെ നേരെ വന്നപ്പോൾ അവരെ ജയിപ്പാനായി ശ്രമിക്കുന്നു.
ഫലമെന്തു്; അവർ അവനെ പിടിച്ചു കെട്ടി അവന്റെ കണ്ണുക
കുത്തിപ്പൊട്ടിച്ചു് അവരുടെ ദേവന്ന മാവുപൊടിക്കുന്നതിന്ന
കൊണ്ടുചെന്നാക്കി. അനേക വിശ്വാസികളും ലോകത്തിലേക്കി
ങ്ങിപ്പോയിട്ടു് അവരുടെ ശക്തി പോയ്പോയതറിയാതെ ശത്രു
ിനെ ജയിപ്പാൻ പരിശ്രമിക്കവെ കണ്ണുകൾ കുത്തിപ്പൊട്ടിക്ക
പ്പെട്ടുപോകുന്നു. സഹോദരാ നിന്റെ കണ്ണുകൾ കുരുടാക്കപ്പെ
ടാതെയിരിപ്പാൻ സൂക്ഷിക്ക. സാധുവായ ശിംശോൻ! ഇരുപതു
വർഷം യിസ്രായേലിന്റെ ന്യായാധിപനായിരുന്നവൻ! ഇതാ! കു
ടനായി ദാഗോൻ ദേവന്ന മാവുപൊടിക്കുന്നു! അവന്റെ ശത്രുക്ക
ാൽ അവൻ ഇപ്രകാരം അപമാനിക്കപ്പെടാതെ അവൻ മരിക്കു
ന്നതിന്നാഗ്രഹിക്കുന്നു. ഒരുകാലത്തു ഊർജ്ജസ്വലനായി നിന്ന
സഹോദരാ, നീ നിഷേധിച്ചിരുന്ന ആരാധനക്കാരുടെ ഉത്ഴിയ
ഫലക്കാരനായി നീ തീരാതിരിക്കത്തക്കവണ്ണം നിന്റെ അലസ്യ
ണ്ടു് ഉണരുക!

അന്ധനായ ശിംശോനെ! നീ അധൈര്യപ്പെടേണ്ട! നിന്റെ
ഡ വളരുന്നുണ്ടു് നീ അപേക്ഷിക്കുക. ശക്തി നിനക്കു വീ

വിടെ പാതകമുണ്ടോ! അവരം ബലഹീനയല്ലേ! എനിക്ക
ിഷ്പ്രയാസം അവളെ ജയിക്കരുതോ? ഞാൻ സൂക്ഷിച്ചുകൊ
ാം. എന്റെ ശക്തിയുടെ രഹസ്യം ഞാൻ അവരംക്കു അറി
ിച്ചുകൊടുക്കാതിരുന്നാൽ മതിയല്ലോ. എന്ന് ശിംശോനെ
ാലെ അനേക വിശ്വാസികളും വിചാരിക്കുന്നു. അവർ നി
യമായും ലൈലയ്ക്കൂലം ശത്രുവിന്നു് അധീനരാകും. ഒന്നാം പ്രാവ
്യവും രണ്ടാം പ്രാവശ്യവും ശിംശോൻ തന്റെ രഹസ്യം അറി
ിക്കാതെ അവളെ കബളിപ്പിച്ചു. എങ്കിലും മൂന്നാം പ്രാവശ്യം
വരം അവനെ അലട്ടുകയാൽ രഹസ്യം പറഞ്ഞുകൊടുക്കേണ്ടി
ന്നു. അവരം ബലം പ്രയോഗിക്കാതെ, അവൻ സുഖമായി
വളുടെ മടിയിൽ ഉറങ്ങുമ്പോരം, അവന്റെ നാസീർ മുടി
ക്ഷൗരം ചെയ്തു കളഞ്ഞു. ഹാ! അരിഷ്ടനായ ശിംശോൻ! ദൈ
കല്പനയ്ക്കെതിരായി അവന്റെ ശക്തിയുടെ രഹസ്യമായിരുന്ന
ാസീർ മുടി ക്ഷൗരം ചെയ്യപ്പെട്ടു. ദൈവാത്മാവു് അവനെ
ിട്ടുപോയി. അവനോ ഇതൊന്നും അറിയാതെ, ശത്രുക്കരം ത
ന്റെ നേരെ വന്നപ്പോരം അവരെ ജയിപ്പാനായി ശ്രമിക്കുന്നു.
ഫലമെന്തു്; അവർ അവനെ പിടിച്ചു കെട്ടി അവന്റെ കണ്ണുക
കുത്തിപ്പൊട്ടിച്ചു് അവരുടെ ദേവന് മാവുപൊടിക്കുന്നതിനു
കാളയെന്നാക്കി. അനേക വിശ്വാസികളും ലോകത്തിലേക്കി
ങ്ങിപ്പോയിട്ടു് അവരുടെ ശക്തി പോയ്പോയതറിയാതെ ശത്രു
ിനെ ജയിപ്പാൻ പരിശ്രമിക്കവെ കണ്ണുകരം കുത്തിപ്പൊട്ടിക്ക
പ്പെട്ടുപോകുന്നു. സഹോദരാ നിന്റെ കണ്ണുകരം കുരുടാക്കപ്പെ
ാതെയിരിപ്പാൻ സൂക്ഷിക്ക. സാധുവായ ശിംശോൻ! ഇരുപതു
വർഷം യിസ്രായേലിന്റെ ന്യായാധിപനായിരുന്നവൻ! ഇതാ! കു
ടനായി ദാഗോൻ ദേവന് മാവുപൊടിക്കുന്നു! അവന്റെ ശത്രുക്ക
ാൽ അവൻ ഇപ്രകാരം അപമാനിക്കപ്പെടാതെ അവൻ മരിക്ക
ുന്നതിനാഗ്രഹിക്കുന്നു. ഒരുകാലത്തു ഊർജ്ജസ്വലനായി നിന്ന
സഹോദരാ, നീ നിഷേധിച്ചിരുന്ന ആരാധനക്കാരുടെ ഉത്തരിയ
ബലക്കാരനായി നീ തീരാതിരിക്കത്തക്കവണ്ണം നിന്റെ അലസ്സ
ണ്ടു് ഉണരുക!

അന്ധനായ ശിംശോനെ! നീ അധൈര്യപ്പെടേണ്ട! നിന്റെ
ധ വളരുന്നുണ്ടു് നീ അപേക്ഷിക്കുക. ശക്തി നിനക്ക വി

ണ്ടും കിട്ടും. നിൻെറ ആയുഷ്കാലത്തു നീ ചെയ്തതിലും വലി
സംഹാരം നടത്തത്തക്കവണ്ണം നീ പ്രാപ്തനാകും. അനന്തരപി
ശക്തിക്ക് അപേക്ഷിക്കുക. ശിംശോൻ യഹോവയോടു തൻെ
ശക്തി ഒരു പ്രാവശ്യം കൂടി കിട്ടുന്നതിന് അപേക്ഷിച്ചു. അ
ന് ആ അപേക്ഷ കിട്ടി. ഒരു വലിയ സംഹാരം അവിടെ
ടത്തി. ദൈവ പൈതലെ! ശിംശോൻ മരിച്ചതുപോലെ നീ മ
ക്കാതിരിക്കട്ടെ. ബിലയാം നീതിമാൻെറ മരണം മരിക്കട്ടെ വ
ന്ന അപേക്ഷിച്ചെങ്കിലും അവന് അതു ലഭിച്ചില്ല. അവൻ
ദ്യാന്യരോടുകൂടി കൊല്ലപ്പെട്ടു. ശിംശോൻ ശത്രുക്കളോടുകൂടി
രിച്ചു. ദൈവകൃപ അവനെ വിടാതിരുന്നതിനാൽ അവൻെ
പിതൃഭവനക്കാർ അവൻെറ അപ്പൻെറ ശ്മശാനസ്ഥലത്തു അ
വനെ അടക്കി. ഇസ്രായേലിലെ ഒടുവിലത്തെ ന്യായാധിപൻ
അവരുടെ ഒടുവിലത്തെ രാജാവിൻെറയും, പുരോഹിതൻെറയു
പ്രവാചകൻെറയും വഴിയെ തന്നെ കരുടനായി ഇങ്ങനെ അ
സാനിച്ചു. യുഗാന്ത്യത്തിലേക്കു വന്നെത്തിയിരിക്കുന്ന ദൈവപൈ
ലെ! നീയും അന്ധനായി, ശത്രുക്കളുടെ ദേവൻ മാവു പൊടിക്
ന്നതിനും, അവരുടെ മുമ്പാകെ പരിഹാസി കളിക്കുന്നതിനും ഇ
യാകാതിരിക്കത്തക്കവണ്ണം നിൻെറ നില സൂക്ഷിക്ക. ഹെബ്രേ
ണിൽ നീ എപ്പോഴും വാസം ചെയ്ക. ശത്രുവിൻെറ സഖ്യത ക
ക്ഷിക്കാതെ ദലീലയെയും ഗോലിയാത്തിനെ പോലെ തന്നെ ഒ
വൃത്തു, ദൈവാത്മാവിൻെറ പ്രേരണത്തിന്ന വിധേയപ്പെട്ടു സ
ശക്തിയിൽ ആശ്രയിക്കാതെ വേല ചെയ്ക. നിൻെറ ശക്തി
ടെ രഹസ്യം ശത്രു മനസ്സിലാക്കാതെയും നിൻെറനാസീർജഡ അ
വൃത്തുകളയപ്പെടാതെയുമിരിപ്പാൻ ദലീലയുടെ സഖ്യത വിട്ടുക
അവളുടെ മടിയിൽ ഉറങ്ങരുതെ! നിന്നിൽകൂടി ദൈവാത്മാ
പ്രവർത്തിക്കുന്നതിനാൽ മഹത്വം കർത്താവു എടുക്കട്ടെ. ഇങ്ങനെ
നല്ല അന്തം പ്രാപിപ്പാൻ കർത്താവു ഇടവരുത്തട്ടെ.

ആമ്മീൻ